പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 20/01/2014 -ൽ മറുപടിക്ക്

നമ്പർ: 1389.

**മാഞ്ഞാലിക്കുളം - ഗാന്ധാരി അമ്മൻ കോവിൽ റോഡിലെ ഭൂമിയുടെ ഫെയർ വാല്യൂ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്ക് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരത്ത് മാഞ്ഞാലിക്കുളം സെക്രട്ടേറിയറ്റ് റോഡിനോട് ചേർന്ന് മാഞ്ഞാലിക്കുളം മുതൽ ഗാന്ധാരി അമ്മൻ കോവിൽ വരെ ഇരുവശത്തുമുള്ള സ്ഥലത്തിന് നിശ്ചയിച്ചിട്ടുള്ള പരമാവധി ഫെയർ വാല്യൂ എത്രയാണ്;വ്യക്തമാക്കുമോ; | എ) 6.3.10-ലെ 515(1) നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം സംസ്ഥാനത്തെ വില്ലേജുകളിലെ സർവ്വെ നമ്പറിന്റെ അടിസ്ഥാനത്തിൽ 1)Commercialy Important Land 2) Residential Plot with Corporation/Municipality/Panchayat Road Access 3) Residential Plot with NH/PWD Road Access 4) Residential Plot with Private Road Access 5) Residential Plot without Road Access 6) Garden Land with Road Access 7) Garden Land without Road Access 8) Costal Belt 9) Water Logged Land 10) Rocky Land 11) Waste Land 12) Wet Land 13) Hill Tract with Road Access 14) Hill Tract without Road Access 15) Government Property എന്നിങ്ങനെ ഭൂമിയെ പതിനഞ്ച് ക്ലാസ്സിഫിക്കേഷനായി തരംതിരിച്ചാണ് ന്യായവില നിശ്ചയിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ വസ്തുവിന്റെ സർവ്വെ നമ്പരും ക്ലാസ്സിഫിക്കേഷനും വ്യക്തമായാലേ യഥാർത്ഥ ന്യായവില കണ്ടെത്താനാവൂ. |

...........2

| | |
|---|---|
| ബി) പ്രസ്തുത ഭാഗത്ത് ദേശാഭിമാനി പത്രമോഫീസ് പ്രവർത്തിക്കുന്ന കെട്ടിടവും അതിരിയ്ക്കുന്ന 32 സെന്റോളം സ്ഥലവും ക്യാപിറ്റൽ സിറ്റി ഹോട്ടൽസ് ആന്റ് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ രജിസ്റ്റർ ചെയ്തത് എന്നാണ്; കൈമാറ്റ രേഖ പ്രകാരം എത്ര സ്ഥലം കൈമാറ്റം ചെയ്തിട്ടുണ്ട്; കെട്ടിടത്തിന്റെ വിസ്തീർണ്ണം എത്രയാണ് കാണിച്ചിട്ടുള്ളത്; മൊത്തം വില എത്രയാണ്; | ബി) 19/07/12-ൽ തിരുവനന്തപുരം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലെ 2707/2012 നമ്പർ വിലയാധാരത്താൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത ആധാരത്തിലെ വസ്തു വിവരണപ്രകാരം വഞ്ചിയൂർ വില്ലേജിലെ സർവ്വെ 1269 ൽ 2.372 സെന്റ് , സർവ്വെ 1269/4-ൽ 1.455 സെന്റ്, 1269/2-ൽ 11.600 സെന്റ്, 1270/2/1-ൽ 6.933 സെന്റ്, സർവ്വെ 1270/2/2-ൽ 6.067 സെന്റും ഉംപ്പടെയുള്ള 28.427 സെന്റിന് അളവും കൈവശവും പ്രകാരം 32.110 സെന്റ് വസ്തുവും 3000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടവും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.<br>തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽപ്പെട്ട കോർപ്പറേഷൻ റോഡ് സൗകര്യമുള്ള വസ്തുവിന് ഒരാറിന് 25,00,000/-(ഇരുപത്തഞ്ച് ലക്ഷം) രൂപ ന്യായവില കാണിച്ച് വസ്തുവിന് 3,25,00,000/-(മൂന്ന് കോടി ഇരുപത്തഞ്ച് ലക്ഷം) രൂപയും കെട്ടിടത്തിന് 25,00,000/-(ഇരുപത്തഞ്ച് ലക്ഷം) രൂപയും കൂടി ചേർത്ത് കൈമാറ്റ വിലയായി ആകെ 3,50,00,000/-(മൂന്ന് കോടി അമ്പത് ലക്ഷം) രൂപയാണ് പ്രതിഫലം കാണിച്ചിട്ടുള്ളത് |
| സി) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എന്ത് തുക ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | സി) 3,50,00,000/- രൂപയ്ക്ക് 9% നിരക്കിൽ 31,50,000/-രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) യുടെ മുദ്രവില ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ